LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി ജീവനക്കാർക്കായി ക്ഷേമനിധി

266 (4312) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി ജീവനക്കാർക്ക് ക്ഷേമനിധിക്കായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇവരുടെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) നിയമ നിർമ്മാണം സംബന്ധിച്ച പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയാണ് ബിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കരട് ബിൽ തയ്യാറാക്കി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ അനന്തര നടപടികൾക്കായി ഫയൽ നിയമ വകുപ്പിന് നൽകിയിരിക്കുകയാണ്.

പട്ടികജാതി-ഗോത്രവർഗ്ഗ കമ്മീഷനിലെ അംഗത്തിനെതിരെ വനിതാകമ്മീഷനിൽ ലഭിച്ച പരാതി

267 (T4313) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-ഗോത്രവർഗ്ഗ കമ്മീഷനിലെ ഒരംഗത്തിനെതിരെ വനിതാ കമ്മീഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; കമ്മീഷന് ലഭിച്ച പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പാക്കിയ പദ്ധതികൾ

268 (4314) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം പദ്ധതികൾ ഓരോ വർഷവും നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും ചെലവിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി മാത്രം സാമൂഹ്യനീതി വകുപ്പ് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല. എന്നാൽ വനിതാ വികസന കോർപ്പറേഷൻ പട്ടികജാതിക്കാർക്കായി സ്വയം തൊഴിൽ വായ്പാപദ്ധതി നടപ്പാക്കി വരുന്നു.

(ബി) വനിതാ വികസന കോർപ്പറേഷൻ പട്ടികജാതിക്കാർക്കായി നടപ്പാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയുടെ ചെലവിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം (2011-15)	അനുവദിച്ച വായ്പ (ലക്ഷത്തിൽ)
(1)	(2)	(3)
തിരുവനന്തപുരം	381	480.97
കൊല്ലം	3	5.00
പത്തനംതിട്ട	27	43.22

LIBRARY ARCHIVES Kerala Legislative Assembly